**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **31-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ ബാങ്കുകൾക്ക് പണയപ്പെടുത്തിയിട്ടുണ്ടോ; | (എ) | വായ്പയ്ക്ക് ഈടായി കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകൾ പണയപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര കോടി രൂപയ്ക്കാണ് പണയപ്പെടുത്തിയിരിക്കുന്നത്; വിശദാംശം അറിയിക്കുമോ; | (ബി) | രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള 7 ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തിരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് കെ.എസ്. ആർ.ടി.സി.യുടെ 52 ഡിപ്പോകളിലെ വസ്തുവകകൾ ഈട് നൽകിയിരിക്കുന്നത്. |
| (സി) | ഇപ്രകാരം പണയപ്പെടുത്തുന്നത് വഴി കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ സമ്പൂർണ്ണ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിലും, കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതു മേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് സമാഹരിച്ച തുക ഉപയോഗിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടി കൺസോർഷ്യം വഴി ലഭ്യമായ തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും, തൽഫലമായി പ്രതിമാസ വായ്പ തിരിച്ചടവ് ഇനത്തിൽ ഗണ്യമായ തുക ലാഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ പ്രതിദിന വരുമാനം വർദ്ധിപ്പിക്കുകയും, വായ്പ തിരിച്ചടവ് ചെലവ് കുറയുകയും ചെയ്തുവഴി ലഭ്യമായ തുക ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് യഥാസമയം അനുവദിക്കാതിരുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ക്ഷാമബത്ത, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ കുറച്ചെങ്കിലും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനം സന്തുലിതാവസ്ഥയിലേക്ക് എത്തുന്ന സാഹചര്യത്തിൽ ആഞ്ഞടിച്ച കോവിഡ് മഹാമാരിയെത്തുടർന്ന് ടി ഗുണഫലങ്ങളെല്ലാം നിഷ്ക്രിയമായി സ്ഥാപനം വീണ്ടും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽപ്പെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ